(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മാറാട് സാമുദായിക കലാപത്തെ തുടർന്നുള്ള സമാധാനശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനാണ് മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചത്.

(ഡി) ഉണ്ട്. ബി.ജെ.പി., വി.എച്ച്.പി., ആർ.എസ്.എസ്., മാറാട് അരയ സമാജം എന്നിവർ പങ്കെടുത്തിട്ടില്ല.

(ഇ) ഇല്ല. അവർ സ്വമേധയാ തിരിച്ചു പോയിട്ടുള്ളതാണ്.

മാറാട് പുനരധിവാസം

8 (2959) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് പുനരധിവാസത്തിനായി കൊണ്ടുവന്ന കുടുംബങ്ങളെ തിരിച്ചയച്ചതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ (കുറ്റകരമായ) വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മാറാട് പുനരധിവാസത്തിനായി വന്ന കുടുംബങ്ങളെ പോലീസ് തിരിച്ചയച്ചിട്ടില്ല. അവർ സ്വമേധയാ തിരിച്ചുപോയിട്ടുള്ളതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

റോഡ് സുരക്ഷാ ഫണ്ട് വിനിയോഗം

9 (2960) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷാ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് സുരക്ഷാ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനായി പോലീസിൽ ട്രാഫിക് ബ്രാഞ്ച് വിഭാഗം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റോഡ് സുരക്ഷാ ഫണ്ട് ഇതുവരെ നിലവിൽ വന്നിട്ടില്ല. സംസ്ഥാനത്ത് ഒരു റോഡ് സുരക്ഷാ അതോറിറ്റിയും അതിന്റെ ഭാഗമായുള്ള റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഡബ്ല്യൂ.ടി.ഒ. എഗ്രിമെന്റ് പ്രകാരം സംസ്ഥാനത്തിന് പ്രയോജനം ലഭിക്കുന്ന മേഖലകൾ

10 (2961) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യൂ.ടി.ഒ. എഗ്രിമെന്റിൽ നിന്നും സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കാവുന്ന മേഖലകൾ എന്തെല്ലാമെന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ അതെന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) ഈ മേഖലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തിന് വിജയം കൈവരുത്തുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും വേണ്ടത്ര വിവരം നൽകുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഡബ്ല്യൂ.ടി.ഒ. എഗ്രിമെന്റിനെ സംബന്ധിച്ച്, കമ്മീഷന്റെ റെക്കമെന്റേഷനിൽ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) ഡബ്ല്യൂ.ടി.ഒ. എഗ്രിമെന്റിൽനിന്നും പ്രയോജനം ലഭ്യമാക്കാവുന്ന ചില പ്രധാന മേഖലകൾ താഴെപ്പറയുന്നവയാണ്.

1. ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ അനുസരിച്ച സംസ്ഥാനത്തെ ഉല്പന്നങ്ങളായ മലബാർ "കുരുമുളക്" ആലപ്പി green cardamom കൊച്ചിൻ "ഇഞ്ചി" എന്നിവയ്ക്ക് സുരക്ഷ ലഭിക്കുന്നതിന് "ട്രിപ്സിലെ" വ്യവസ്ഥകൾ പ്രയോജനപ്പെടുത്താൻ കഴിയും.

2. സംസ്ഥാനത്തുനിന്നും പുതുതായി കയറ്റുമതി ചെയ്യാവുന്ന പൂവ് തനത് പച്ചക്കറികൾ എന്നിവ കയറ്റുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ കഴിയും.

3. അന്താരാഷ്ട്ര വിപണിയിൽ പ്രത്യേകിച്ച് വികസിത രാജ്യങ്ങളിൽ പ്രിയമേറി വരുന്ന ജൈവ ഉല്പന്നങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് കയറ്റുമതി വർദ്ധിപ്പിക്കാൻ കഴിയും.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly